രിക്കപ്പെടുന്നവർക്ക് സമ്പൂർണ്ണ ചികിത്സ നൽകുകയും ചെയ്യുന്നു. പനി ബാധിച്ച് ആശുപത്രികളിലും മറ്റു ആരോഗ്യകേന്ദ്രങ്ങളിലും എത്തുന്ന രോഗികളെ മലമ്പനിക്കായുള്ള രക്ത പരിശോധനയ്ക്ക് വിധേയമാക്കുന്നു. മലമ്പനി രോഗബാധയുള്ളതായി സ്ഥിരീകരിക്കപ്പെട്ടാൽ രോഗിക്ക് സമ്പൂർണ്ണ ചികിത്സ നൽകുകയും, രോഗിയുടെ അര ച.കി.മീറ്റർ ചുറ്റളവിലുള്ള വീടുകളിലെ ആൾക്കാരെ രക്തപരിശോധനയ്ക്ക് വിധേയമാക്കുകയും രോഗിയുടെ രക്ത സാമ്പിൾ മാസത്തിലൊരിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ഒരു വർഷക്കാലത്തോളം നിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവരിൽ ഉള്ള മലമ്പനികേസ്സുകൾ നിരീക്ഷിക്കുന്നതിനും കാര്യക്ഷമമായ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് രൂപരേഖ ഉണ്ടാക്കുന്നതിനുമായി കേരളത്തിലെയും കർണ്ണാടക സംസ്ഥാനത്തിലെയും ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

17 (*297) സ്കൂൾ ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നതിൽ നിയന്ത്രണം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി:

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിന് ഇപ്പോൾതന്നെ മോട്ടാർ വെഹിക്കിൾ ആക്ടും റൂളും അനുസരിച്ച് നിയന്ത്രണങ്ങൾ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

18 (*298) പേയിംഗ് ഫാർമസി വിപുലീകരിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രിയിൽ പേയിംഗ് ഫാർമസി പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും പേയിംഗ് ഫാർമസി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) സംസ്ഥാനത്ത് താഴെ പറയുന്ന ആശുപത്രികളിൽ ആശുപത്രി വികസന സമിതി നടത്തുന്ന പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

1. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
2. ജനറൽ ആശുപത്രി, തിരുവനന്തപുരം.
3. താലൂക്കാശുപത്രി, ചിറയിൻകീഴ്.
4. ജനറൽ ആശുപത്രി, എറണാകുളം.
5. താലൂക്കാശുപത്രി, മുളന്തുരുത്തി.
6. ജില്ലാ ആശുപത്രി, മഞ്ചേരി.
7. ജില്ലാ ആശുപത്രി, കണ്ണൂർ.
8. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി.
9. ചാലക്കുടി താലൂക്കാശുപത്രി.
10. കൊടുങ്ങല്ലൂർ താലൂക്കാശുപത്രി.
11. ഇരിങ്ങാലക്കുട താലൂക്കാശുപത്രി.
12. ചാവക്കാട് താലൂക്കാശുപത്രി.
13. ജനറൽ ആശുപത്രി, ചേർപ്പ്.
14. മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, മുളംകുന്നത്തുകാവ്.
15. ആലപ്പുഴ മെഡിക്കൽ കോളേജ്.

സംസ്ഥാനത്ത് താഴെ പറയുന്ന ആശുപത്രികളിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സിവിൽ സപ്ലൈസ്, ധന്വന്തരി സെന്റർ തുടങ്ങിയ ഏജൻസികൾ നടത്തിവരുന്ന പേയിംഗ് ഫാർമസികൾ നിലവിലുണ്ട്.

1. പേരൂർക്കട ഗവൺമെന്റ് ആശുപത്രി.
2. താലൂക്കാശുപത്രി, നെയ്യാറ്റിൻകര.
3. ജില്ലാ ആശുപത്രി, കൊല്ലം.
4. താലൂക്കാശുപത്രി, ആലത്തൂർ.
5. ജില്ലാ ആശുപത്രി, തൃശ്ശൂർ.
6. താലൂക്കാശുപത്രി, കാസർഗോഡ്.
7. കോട്ടയം മെഡിക്കൽ കോളേജ്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഫ്രണ്ട്സ് ഓഫ് ഹോസ്പിറ്റലും ലയൺസ് ക്ലബും സംയുക്തമായി നടത്തുന്ന ജനതാഫാർമസിയും നിലവിലുണ്ട്.

(ബി) & (സി) മെഡിക്കൽകോളേജ് ആശുപത്രികളിലും, ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ആശുപത്രി വികസന സമിതിയുടെ ആഭിമുഖ്യത്തിൽ പേയിംഗ് കൗണ്ടറുകൾ തുടങ്ങുവാൻ സർക്കാർ നിർദ്ദേശം നിലവിലുണ്ട്. കൂടാതെ മരുന്നുകൾ മിതവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളും മെഡിക്കൽ കോളേജുകളും പ്രവർത്തിക്കുന്ന പ്രദേശത്ത് ഓരോ നീതി മെഡിക്കൽ സ്റ്റോറുകൾ സഹകരണസംഘങ്ങൾ വഴി നടത്തുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി സംസ്ഥാനത്ത് 100 നീതി മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റോറുകൾ നടത്താനുള്ള ഭരണാനുമതി സഹകരണവകുപ്പ് നൽകിയിട്ടുണ്ട്. ആശുപത്രി ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് പെയിംഗ് കൗണ്ടറുകൾ തുടങ്ങുവാൻ കഴിയുകയില്ല എന്ന് പരിശോധിച്ച് തീരുമാനിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളോനുബന്ധിച്ച് നീതി സ്റ്റോർ. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സഹകരണ സംഘങ്ങൾ എന്നിവയുടെ അപേക്ഷകൾ പരിശോധിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാനുള്ള അനുമതി നൽകാറുണ്ട്. മേൽ പ്രസ്താവിച്ച പ്രകാരം പ്രവർത്തനം നടന്നു കഴിയുമ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും പേയിംഗ് ഫാർമസികൾ നിലവിൽ വരും.

19 (*299) റേഷൻ സബ്സിഡി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സബ്സിഡി എടുത്തുകളയുവാനോ വെട്ടിക്കുറയ്ക്കുവാനോ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സബ്സിഡിക്ക് ക്രമീകരണം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സബ്സിഡി ലഭിക്കാൻ അർഹതയുള്ളവർ സംസ്ഥാനത്ത് ആകെയെത്ര പേരുണ്ടെന്ന് ഉള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ഡി) റേഷൻകടകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വീണ്ടും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റേഷൻ സബ്സിഡി സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം നൽകിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) സംസ്ഥാനത്ത് റേഷൻ സബ്സിഡി എടുത്തുകളയുവാനോ വെട്ടിക്കുറയ്ക്കുവാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) റേഷൻ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

(ഇ) റേഷൻ സബ്സിഡി സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം നൽകിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല.

20 (*300) ഇൻഫർമേഷൻ ടെക്നോളജി വികസനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :

LIBRARY ARCHIVES Kerala Legislative Assembly